# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1955 — 14/07/2011 - ൽ മറുപടിക്ക്.

## കന്യാകുമാരി - കാസർഗോഡ് ജലപാത നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.എം.ഹംസ<br>ഡോ.കെ.ടി.ജലീൽ | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കന്യാകുമാരി - കാസർഗോഡ് ജലപാത നിർമ്മാണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | : | (എ) പൂവാർ മുതൽ കോവളം വരെ ഇപ്പോൾ കനാൽ നിലവിലില്ല. കോവളം മുതൽ ഐ.എസ്.ആർ.ഒ. വരയുള്ള റീച്ചുകളും വർക്കല തുരങ്കത്തിന്റെ ഭാഗവും നിരവധി പ്രാവശ്യം ടെണ്ടർ ക്ഷണിച്ചുവെങ്കിലും വേണ്ടത്ര കരാറുകാർ മുന്നോട്ടു വരാത്തതിനാൽ പണികൾ ഏറ്റെടുത്തു നടത്തുവാൻ സാധിച്ചില്ല. കൂടാതെ കൊല്ലം തോടിന് ഇരുവശവുമുള്ള വീട്ടുകാരെ മാറ്റിപ്പാർപ്പിക്കുവാൻ താമസം വന്നിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിൽ വരുന്ന പൊന്നാനി-കൊച്ചി കനാലിന്റെ വികസനത്തിനായി ഒന്നാം വർഷത്തിൽ 4.176 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് ഉപയോഗിച്ച് പൂവത്തുംകടവ് മുതൽ അണ്ടത്തോട് വരെയുള്ള 4.50 കി.മീ. ദൂരവും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ വരുന്ന പൊന്നാനി-കൊച്ചി കനാലിന്റെ വികസനത്തിനായി 6.109 കോടി രൂപ അനുവദിച്ചത് ഉപയോഗിച്ച് 800 മീറ്റർ പണി പൂർത്തിയാക്കി. കനോലി കനാലിന്റെ വികസനത്തിനായി 29.752 കോടി രൂപ രണ്ടാം ഘട്ടത്തിൽ അനുവദിച്ചു. ഇതിൽ 4.75 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി.<br><br>കോഴിക്കോട് ജില്ലയിൽ വടക്കുമ്പാട് നദിയുടെ വികസനത്തിനായി 55 ലക്ഷം രൂപ അനുവദിച്ചത് ഉപയോഗിച്ച് പണി പൂർത്തിയാക്കി. ബേപ്പൂർ-കല്ലായി കനാലിന്റെ വികസനത്തിനായി 4.76 കോടി രൂപ അനുവദിച്ചത് ഉപയോഗിച്ച് 80% പണി പൂർത്തിയാക്കി. എരഞ്ഞിക്കൽ കല്ലായി കനാലിന്റെ വികസനത്തിനായി രണ്ടാം ഘട്ടത്തിൽ അനുവദിച്ച 3.49 കോടി രൂപ ഉപയോഗിച്ച് പണി ഭാഗികമായി പൂർത്തിയാക്കി.<br><br>കണ്ണൂർ ജില്ലയിലെ കുപ്പം നദിയുടെ വികസനത്തിനായി 1.58 കോടി രൂപ അനുവദിച്ചത് ഉപയോഗിച്ച് പണി പൂർത്തീകരിച്ചു. പാലക്കോട് നദിക്ക് 18.6 ലക്ഷം രൂപ അനുവദിച്ചത് ഉപയോഗിച്ച് പണികൾ പൂർത്തിയാക്കി |

പെരുമ്പ നദിക്ക് അനുവദിച്ച 15 ലക്ഷം രൂപ ഉപയോഗിച്ച് പണി പൂർത്തീകരിച്ചു. കൊറ്റി-കോട്ടപ്പുറം ജലപാതയ്ക്ക് ഒന്നാം ഘട്ടം 10.05 കോടി രൂപയും രണ്ടാം ഘട്ടം 1.85 കോടി രൂപയും അനുവദിച്ചത് ഉപയോഗിച്ച് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സുൽത്താൻ കനാലിൽ കോഴിബസ്സാർ പാലത്തിന്റെ പുനർ നിർമ്മാണത്തിനായി രണ്ടാം ഘട്ടത്തിൽ അനുവദിച്ച 2.88 കോടി രൂപ ഉപയോഗിച്ച് പാലത്തിന്റെ പണി ഭാഗികമായി നടത്തി. കണ്ണൂർ ജില്ലയിൽ ആകെ 41.83 കി.മീ. നീളത്തിൽ ജലപാതാ നവീകരണം പൂർത്തിയാക്കി. 5 ബോട്ടുജെട്ടികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട ജലപാതയിൽ നിലവിലുള്ള കലാനുകളുടെയും പുതുതായി നിർമ്മിക്കേണ്ടുന്ന കനാലുകളുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ; :

(ബി) 1. നിലവിലുള്ള കനാലുകളും അവയുടെ വിവരങ്ങളും

| | | | | |
|---|---|---|---|---|
| 1 | SW 1 | കോവളം മുതൽ ആക്കുളം കായൽ വരെ | - | 16.08 കി.മീ. |
| 2 | SW 2 | ആക്കുളം കായൽ മുതൽ കഠിനംകുളം കായൽ വരെ | - | 17.55 കി.മീ. |
| 3 | SW 3 | കഠിനംകുളം കായൽ മുതൽ കോഴിത്തോട്ടം കായൽ വരെ | - | 8.83 കി.മീ. |
| 4 | SW 4 | കോഴിത്തോട്ടം കായൽ മുൽ നടയറ കായൽ വരെ | - | 15.50 കി.മീ. |
| 5 | SW 5 | നടയറ കായൽ മുതൽ ഇരവിപുരം കായൽ വരെ | - | 8.36 കി.മീ. |
| 6 | SW 6 | ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെ | - | 7.86 കി.മീ. |
| 7 | NW III | അഷ്ടമുടി കായൽ മുതൽ കോട്ടപ്പുറം വരെ | - | 168.00 കി.മീ. |
| 8 | SW 7 | കോട്ടപ്പുറം മുതൽ കാഞ്ഞിമുക്ക് നദി വരെ | - | 75.00 കി.മീ. |
| 9 | SW 8 | കാഞ്ഞിമുക്ക് നദി മുതൽ തിരൂർ പുഴ വരെ | - | 13.87 കി.മീ. |
| 10 | SW 9 | തിരൂർ പുഴ മുതൽ കടലുണ്ടി പ്പുഴ വരെ | - | 43.96 കി.മീ. |
| 11 | SW10 | കടലുണ്ടിപ്പുഴ മുതൽ ചാലിയാർ പുഴ വരെ | - | 15.30 കി.മീ. |
| 12 | SW11 | ചാലിയാർ പുഴ മുതൽ കല്ലായിപ്പുഴ വരെ | - | 11.30 കി.മീ. |
| 13 | SW12 | കല്ലായിപ്പുഴ മുതൽ അകലപ്പുഴ വരെ | - | 41.60 കി.മീ. |

| | | | | |
|---|---|---|---|---|
| 14 | SW13 | അകലപ്പുഴ മുതൽ വടകര വരെ | - | 6.86 കി.മീ. |
| 15 | SW14 | വടകര മുതൽ മാഹി നദി വരെ | - | 29.10 കി.മീ. |
| 16 | SW15 | മാഹി നദി മുതൽ എരഞ്ഞോളി നദി വരെ | - | 14.90 കി.മീ. |
| 17 | SW16 | എരഞ്ഞോളി നദി മുതൽ കാട്ടാമ്പള്ളി നദി വരെ | - | 26.20 കി.മീ. |
| 18 | SW17 | കാട്ടാമ്പള്ളി നദി മുതൽ അഴീക്കൽ വരെ | - | 35.62 കി.മീ. |
| 19 | SW18 | അഴീക്കൽ മുതൽ കൊറ്റി വരെ | - | 12.00 കി.മീ. |
| 20 | SW19 | കൊറ്റി മുതൽ നീലേശ്വരം വരെ | - | 22.63 കി.മീ. |
| | | **ആകെ** | - | **590.53 കി.മീ.** |

2. പുതുതായി നിർമ്മിക്കേണ്ടുന്ന കനാലുകളുടെ സ്ഥിതിവിവരം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | കൊല്ലങ്കോട്-കോവളം | - | 23.50 കി.മീ |
| 2 | വടകര-മാഹി | - | 17.61 കി.മീ. |
| 3 | പെരിങ്ങത്തൂർ-പന്തക്കാൽ | - | 10.15 കി.മീ. |
| 4 | കാവുംഭാഗം-ഉമ്മൻ ചിറ | - | 03.47 കി.മീ. |
| 5 | ചെക്കുപാലം-കക്കാട് | - | 16.8 കി.മീ. |
| | **ആകെ** | - | **71.53 കി.മീ.** |

(സി) ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് എന്തു തുക ലഭിക്കുകയുണ്ടായി ; ഇതിന്റെ ഭാഗമായി ഏതെല്ലാം റീച്ചുകളിൽ കനാൽ പുനരുദ്ധരിക്കുകയുണ്ടായി ;

: (സി) ദേശീയ ജലപാത (കൊല്ലം മുതൽ കോട്ടപ്പുറം വരെ) യുടെ വികസനം കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' നേരിട്ടാണ് നടത്തുന്നത്.

(ഡി) കന്യാകുമാരി - കാസർഗോഡ് ജലപാതയുടെ മൊത്തം നീളവും വീതിയും എത്രയാണ് ;

: (ഡി) സ്റ്റേറ്റ് അതിർത്തിയായ കോല്ലങ്കോട് മുതൽ കോവളം വരെ കനാൽ പൂർണ്ണമല്ല. ഇതിന് 23.5 കി.മീ. നീളമുണ്ട്. കോവളം മുതൽ നീലേശ്വരം വരെ മൊത്തം 590.53 കി.മീ. ആണ് നീളം. ദേശീയ ജലപാതയ്ക്ക് (ക്ലാസ്സ്-III) ഏറ്റവും ചുരുങ്ങിയ വീതി 40 മീറ്ററും സംസ്ഥാന ജലപാതയ്ക്ക് 14 മീറ്ററും ആണ് വീതി നിശ്ചയിച്ചിട്ടുള്ളത്.

(ഇ) പുതുതായി ഭൂമി അക്വയർ ചെയ്ത് ജലപാത നിർമ്മിക്കേണ്ടതായ റീച്ചുകൾ ഏതൊക്കെയാണ് ; എത്ര കിലോമീറ്റർ വരും ; എവിടെയെല്ലാം ; ഇതിനായി ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

: (ഇ) പുതുതായി അക്വയർ ചെയ്യേണ്ട സ്ഥലങ്ങൾ

| | | | |
|---|---|---|---|
| 1 | കൊല്ലങ്കോട്-കോവളം കനാലിന്റെ ഭാഗമായ പുല്ലുവിള-കോവളം ഭാഗം | - | 08.00 കി.മീ. |
| 2 | വടകര-വളപട്ടണം ഭാഗത്തെ പെരിങ്ങത്തൂർ മുതൽ പന്തക്കാൽ വരെ | - | 10.15 കി.മീ |

| | | | |
|---|---|---|---|
| 3 | കാവുംഭാഗം മുതൽ ഉമ്മൻ ചിറ വരെ | - | 03.47 കി.മീ. |
| 4 | ചെക്കുപാലം മുതൽ കക്കാട് വരെ | - | 15.75 കി.മീ. |
| | **മൊത്തം** | - | **38.42 കി.മീ.** |

| | | |
|---|---|---|
| (എഫ്) പ്രസ്തുത നിർമ്മാണത്തിന് കേന്ദ്ര സർക്കാരിനോട് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം റീച്ചുകൾക്ക് ; വിശദാംശം വെളിപ്പെടുത്തുമോ ? | : | (എഫ്) വടകര-മാഹി കനാലിനുള്ള സാമ്പത്തിക സഹായത്തിനായി 165 കോടി രൂപയുടെ എസ്റ്റിമേറ്റ് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ